'ഭരണഭാഷ മാതൃഭാഷ'

Sectt. 37. 3/535/2012/3 Lakh. GPM. © Govt. of Kerala

YEARS OF CELEBRATING THE MAHATMA

GOVERNMENT OF KERALA

നമ്പർ. ആഭ്യന്തര-പി.എസ്./128/2019-ആഭ്യന്തരം

ആഭ്യന്തര (പി.എസ്. & എം.എസ്.)വകുപ്പ്
തിരുവനന്തപുരം.
തീയതി: 01.04.2019

അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി,
തിരുവനന്തപുരം

സർ,

വിഷയം:- ആഭ്യന്തര വകുപ്പ് - മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കുന്നത് - ശ്രീ. ശ്രീജിത്ത് ബി.എസ്., ശാസ്താംകോട്ട സമർപ്പിച്ച പരാതി - തുടർനടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിന്റെ 18.03.2019 തീയതിയിലെ ഔ.ഭാ.3/033/2019/ഉ.ഭ.പ.വ. നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ശ്രീ. ശ്രീജിത്ത് ബി.എസ്, ശാസ്താംകോട്ട സമർപ്പിച്ച പരാതിയുടെ പകർപ്പും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സൂചന പ്രകാരം നൽകിയ മറുപടിയുടെ പകർപ്പും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
സുധ.ബി
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ)വകുപ്പ്**

നം. ഔ.ഭാ.3/033/2019/ഉ.ഭ.പ.വ 18/03/2019,തിരുവനന്തപുരം

സെക്രട്ടറി

ശ്രീ.ശ്രീജിത്ത്. ബി.എസ്
ലേഖാ ഭവനം
മനക്കര
ശാസ്താംകോട്ട

സർ,

വിഷയം:- ഔദ്യോഗികഭാഷാ വകുപ്പ്- മലയാളം ഔദ്യോഗികഭാഷ ആയി ഉപയോഗിക്കുന്നത്- സംബന്ധിച്ച്.

സൂചന:- താങ്കളുടെ 04/02/2019 തീയതിയായുള്ള അപേക്ഷ

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ തമിഴ്, കന്നഡ ഭാഷാന്യൂനപക്ഷക്കാർക്ക്, ഭരണഭാഷ സംബന്ധിച്ച നിലവിലുള്ള അവകാശങ്ങൾ നിലനിറുത്തിക്കൊണ്ട്, (1)കേന്ദ്ര സർക്കാർ (2)കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ, (3)ഹൈക്കോടതി-സുപ്രീംകോടതി (4) ഇതരസംസ്ഥാനങ്ങൾ (5) മറ്റു രാജ്യങ്ങൾ (6) സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ അല്ലാതെയുള്ള മറ്റു ഭാഷാന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ (7) ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിൽ പ്രത്യേകം പരാമർശമുള്ള സംഗതികൾ എന്നീ സാഹചര്യങ്ങളിൽ കറിപ്പുഫയൽ മലയാളത്തിലായിരിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി കത്തിടപാടുകൾക്ക് ഇംഗ്ലീഷ് ഉപയോഗിക്കാവുന്നതാണ്. അതിനാൽ, നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളൊഴികെയുള്ള എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും 2017മെയ്-1 മുതൽ നിർബന്ധമായും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചുകൊണ്ട് സർക്കാർ ഉത്തരവ് സ.ഉ. (അച്ചടി) നമ്പർ.6/2017/ഉ.ഭ.പ.വ പ്രകാരം ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ താങ്കളുടെ അപേക്ഷ തുടർനടപടികൾക്കായി ഊർജ്ജ വകുപ്പിനും ആഭ്യന്തര വകുപ്പിനും കൈമാറിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
എസ്.മുഹമ്മദ് ഇസ്മയിൽകുഞ്ഞ്
അഡീഷണൽസെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

- ആഭ്യന്തര വകുപ്പ് (അറിവിലേക്കും തുടർനടപടികൾക്കുമായി)
- ഊർജ്ജ വകുപ്പ് (അറിവിലേക്കും തുടർനടപടികൾക്കുമായി)

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പോലീസ് വകുപ്പ്

കേരളം

**Endt No C4-53083/2018/PHQ തീയതി. 10-04-2019**

സർക്കാരിൽ നിന്നും ലഭ്യമായ കത്ത് ഇതോടൊപ്പംഉള്ളടക്കം ചെയ്യുന്നു..

ശ്രീ.ശ്രീജിത്ത് ശാസ്താംകോട്ട,സമർപ്പിച്ച അപേക്ഷ പ്രകാരം പോലീസ് വകുപ്പിൽ പുറപ്പെടിവിക്കുന്ന **ED/CIRCULAR** എന്നിവ ഇംഗ്ലീഷ് ഭാഷയിലാണെന്ന് പരാമർശിച്ചിട്ടുണ്ട്. ടി വകുപ്പിൽ നിന്നും പുറപ്പെടിവിക്കുന്ന എല്ലാ സർക്കുലർ/മറ്റ് ഓഫീസ് ഉത്തരവുകൾ എന്നിവ മലയാളത്തിൽ മാത്രം പുറപ്പെടുവിക്കേണ്ടതാണ്.

പകർപ്പ് **:1.** എല്ലാ യൂണിറ്റ് മേധാവികളുടെയും അറിവിലേക്കായി

2.ഈ ഓഫീസിലെ എല്ലാ സെക്ഷനുകളിൽ നിന്നും പുറപ്പെടിവിക്കുന്ന **ED/CIRCULAR,** മറ്റ് ഓഫീസ് ഉത്തരവുകൾ എന്നിവ മലയാളത്തിൽ മാത്രം പുറപ്പെടുവിക്കേണ്ടതാണ്.

ഷീബ എസ്

ജൂനിയർ സൂപ്രണ്ട്

For State Police Chief

പോലീസ് ഹെഡ്ക്വാട്ടേർസ്, തിരുവനന്തപുരം

phq.pol@kerala.gov.in

04712721547

C4-53083/2018/PHQ

5771a5

**POLICE** **DEPARTMENT**

**KERALA**

**Endt No G1(c)-8263/2019/ID Dated. 13-05-2019**

**Copy of Endorsment No.C4-53083/2018/PHQ Dtd. 10/04/2019 and No.P.S/128/2019/Home. Dtd. 01/04/2019 in connection with petition filed by Sri.Sreejith. P.S is forwarded to all Officers and ministerrial staffs for information and necessary action.**

Mohamed Shafi K
Additional Superintendent of Police
For District Police Chief
District Police Office, Idukki
spidk.pol@kerala.gov.in
04862232354

G1(c)-8263/2019/ID

742a68